LIBRARY ARCHIVES Kerala Legislative Assembly

അഷ്ടമുടി കായൽ ടൂറിസം വികസന പദ്ധതി

324 (2880) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഷ്ടമുടികായൽ ടൂറിസം വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് കോംപറ്റിറ്റീവ് ബിഡിംഗിലൂടെ (Bidding) തെരഞ്ഞെടുത്തത് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത ഏജൻസി മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന IL&FS Environmental Infrastructure & Services Ltd. എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്.

(ബി) ഇല്ല.

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇൻസ്പെഷൻ റിപ്പോർട്ട് ഇതിനോടകം സമർപ്പിച്ചിട്ടുണ്ട്.

പൂക്കോട് തടാകത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

325 (2881) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പൂക്കോട് തടാകത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത തടാകത്തിൽ പായൽ നിറഞ്ഞിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതുമൂലം തടാകത്തിലെ ബോട്ട് സവാരിക്ക് തടസ്സം നേരിടുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പൂക്കോട് തടാകത്തിലെ പായൽ വേരടക്കം പറിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൂക്കോട് തടാക വിനോദസഞ്ചാര കേന്ദ്രത്തിലെ നവീകരണ പ്രവൃത്തികൾക്കായി 2,97,69,073 (രണ്ടുകോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ചിരുന്നു. കിറ്റ്കോ മുഖാന്തിരം നടപ്പാക്കാൻ ഉത്തരവായ മേൽ പ്രവൃത്തികൾക്കെതിരെ പരിസ്ഥിതി സംഘടനകൾ ഹൈക്കോടതിയിൽ 18530/11 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത കേസ് നാഷണൽ ഗ്രീൻ ട്രൈബ്യൂണലിലേക്ക് കൈമാറുകയുമുണ്ടായി. കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭാഗികമായി ബോട്ട് സവാരിക്ക് തടസ്സം നേരിടുന്നുണ്ട്.

(ഡി) പായൽ നീക്കം ചെയ്യുന്നതിന് പത്രപരസ്യം നൽകി ക്വട്ടേഷനുകൾ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ

326 (2882) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം കേന്ദ്രങ്ങളെയാണ് പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആയി പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) 1-7-2011 മുതൽ31-10-2014 വരെ എത്ര ആളുകൾ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സന്ദർശിച്ചു ;വിശദാംശം ലഭ്യമാക്കാമോ ;

(സി) മലമ്പുഴ ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ മോടിപിടിപ്പിക്കുന്നതിനും മറ്റുമായി 1-7-2011 മുതൽ 31-10-2014 വരെ എത്ര തുക ചെലവഴിച്ചു ; ഓരോ കേന്ദ്രത്തിന്റെയും തുകയുടെ വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly